(ബി) 26-5-2003-ലെ സ.ഉ.(എം.എസ്) നം. 21/03/ഭവനം പ്രകാരം വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗുണഭോക്താക്കളിൽ 31-7-2003-നകം മുതൽ തിരിച്ചടയ്ക്കുന്നവരുടെ പലിശയും പിഴപ്പലിശയും എഴുതിതള്ളാൻ അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

(സി) 31-7-2003 വരെ ലഭിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി

26 (*293) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി എന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം തീരുമാനിക്കാൻ ഉന്നതതല കേന്ദ്ര സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സമിതി ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരോ, എ.ഐ.സി.ടി.ഇ.യോ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധിയടക്കം കേന്ദ്ര നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ടി.എം.എ.പൈ ഫൗണ്ടേഷൻ ആന്റ് അദേഴ്സ് (വിസ്) കർണ്ണാടക സ്റ്റേറ്റ് ആന്റ് അദേഴ്സ് (റിട്ട് പെറ്റീഷൻ സിവിൽ നമ്പർ. 317/99) എന്ന കേസിന്റെ വിധിയുടെ 68-ാം തസ്തികയിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളുടേയും മാനേജ്മെന്റ് സീറ്റുകളുടെയും അനുപാതം എത്രയാകണമെന്ന് സർക്കാർ, പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് നിശ്ചയിക്കണമെന്നും, ഇപ്രകാരം നിശ്ചയിക്കുന്നത് സ്വാശ്രയ

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ന്യൂനപക്ഷം അല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യത്യസ്തമായിരിക്കുമെന്നുമാണ് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്.

(ബി) സീറ്റ് അനുപാതം തീരുമാനിക്കാൻ ഉന്നതതല കേന്ദ്ര സമിതി രൂപീകരിച്ചിട്ടില്ല.

(സി) 31-10-2002-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവേശനം, ഫീസ് സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ. റഗുലേഷൻസ് ഭേദഗതി ചെയ്യുംവരെ ഒരു ഇടക്കാല റഗുലേഷൻ (നമ്പർ എഫ് 37-3/ലീഗൽ (5)/2003) എ.ഐ.സി.റ്റി.ഇ. പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച്

1. സുതാര്യമായ പ്രവേശന പ്രക്രിയ ഉറപ്പാക്കുവാൻ എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങൾ, കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ പൊതുപ്രവേശന പരീക്ഷയിൽ ഭാഗമാകേണ്ടതാണ്. എല്ലാ സീറ്റുകളും പൊതു പ്രവേശന പരീക്ഷ, തുടർന്ന് നടക്കുന്ന കൗൺസിലിംഗ് എന്നിവ മുഖാന്തിരം നികത്തേണ്ടതാണ്. എന്നാൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്വന്തം കൗൺസിലിംഗിൽ കൂടി പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും മാനേജ്മെന്റ് സീറ്റിലേക്കുള്ള ഒഴിവ് നികത്താവുന്നതാണ്.

2. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സീറ്റുകൾ മൊത്തം സീറ്റിന്റെ 50 ശതമാനം വരെ ആകാം. അല്ലാത്തവയിൽ, മാനേജ്മെന്റ് സീറ്റുകൾ മൊത്തം സീറ്റുകളുടെ 15 ശതമാനം കവിയുവാൻ പാടുള്ളതല്ല.

3. സംസ്ഥാന സർക്കാരിന് നിലവിലുള്ള എ.ഐ.സി.റ്റി.ഇ. റഗുലേഷൻ പ്രകാരം വിദ്യാഭ്യാസ, സാമ്പത്തിക രംഗത്തെ വിദഗ്ദ്ധർ അടങ്ങുന്ന ഫീസ് കമ്മിറ്റി വഴി, എല്ലാ വിദ്യാർത്ഥികൾക്കും (പേമെന്റ്, ഫ്രീ വ്യത്യാസം കൂടാതെ) പൊതുവായ ഒരു ഫീസ് ഘടന നിശ്ചയിക്കാവുന്നതാണ്.

4. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് സംസ്ഥാനമോ ബന്ധപ്പെട്ട സർവ്വകലാശാലയോ നിർദ്ദേശിക്കുന്ന യോഗ്യതകൾ ക്കനുസൃതമായി, ഭരണസമിതി രൂപീകരിക്കാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുവാൻ സർവ്വകലാശാലയോ സംസ്ഥാനസർക്കാരോ, അഫിലിയേഷന് ആവശ്യമായ മിനിമം യോഗ്യത നിശ്ചയിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുപ്രീം കോടതി വിധിയുടെ പകർപ്പിന്റെ പ്രസക്തഭാഗവും, എ.ഐ.സി.റ്റി.ഇ. നിർദ്ദേശങ്ങളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

നിയമ സർവ്വകലാശാല

27 (*294) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നിയമസർവ്വകലാശാല ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്ത് ഒരു നിയമസർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതി

28 (*295) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതിയുടെ ഭാഗമായി ദേശീയപാത 47-ൽ വരുന്ന കൊച്ചി-സേലം റോഡ് വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതുമൂലം ഈ പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊച്ചി-സേലം റോഡ് വികസന പദ്ധതിയിൽ വരുന്ന ആലുവ-അങ്കമാലി ഭാഗത്ത് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതിലും കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിലും ഇലക്ട്രിക് പോസ്റ്റുകൾ, വാട്ടർ സപ്ലൈ പൈപ്പുകൾ തുടങ്ങിയവ നീക്കിക്കൊടുക്കുന്നതിലും കാലതാമസം ഉണ്ടാവുന്നതുമൂലം റോഡുവികസനം പല ഭാഗത്തും സ്തംഭനാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly